©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2019 ഡിസംബർ 23<br>23th December 2019<br>1195 ധനു 7<br>7th Dhanu 1195<br>1941 പൌഷം 2<br>2nd Pousha 1941 | നമ്പർ<br>No. | 3176 |

GOVERNMENT OF KERALA

Labour and Skills (E) Department

NOTIFICATION

**LBRD-E1/130/2019-LBRD** **Dated, Thiruvananthapuram, 19th December, 2019**
**3rd Dhanu, 1195**

The following proposals regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof, and in supersession of the notification issued under G.O.(Ms)No.111/2011/LBR. dated 9th August, 2011 and published as S.R.O.No.514/2011 in the Kerala Gazette Extraordinary No.1601 dated 22nd August, 2011, payable to the classes of employees employed in the Computer Software Industry Sector in the State of Kerala, as specified in the Schedule annexed

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

hereto are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposals will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

**I. Basic Wages**

| Sl. No. | Category | Monthly Basic Wages (₹) |
|---|---|---|
| 1 | **GROUP A** | |
| | Manager | 21330-450-23580-500-26080 |
| 2 | **GROUP B** | |
| | 1 Deputy Manager<br>2 Project Manager<br>3 Senior Team Manager | 19950-400-21950-450-24200 |
| 3 | **GROUP C** | |
| | 1 Assistant Manager<br>2 Team Manager<br>3 Financial Specialist<br>4 Assistant Project Manager<br>5 Co-ordinator<br>6 Assistant Finance Manager<br>7 Assistant Accounts Manager<br>8 Administrative Officer<br>9 Project Leader | 18700-350-20450-400-22450 |
| 4 | **GROUP D** | |
| | 1 Senior Consultant<br>2 Senior Executive<br>3 Senior Software Engineer<br>4 Technical Leader<br>5 System Analyst<br>6 Editor<br>7 Senior Proofer | 17560-300-19060-350-20810 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | **GROUP E**<br>1 Programmer<br>2 Software Engineer<br>3 Proofer<br>4 Other Technicians (Engineering Degree) | 16520-250-17770-300-19270 |
| 6 | **GROUP F**<br>1 Consultant, Executive<br>2 H.R. Executive<br>3 Other Technicians (Diploma)<br>4 Accountant /Office Assistant<br>5 Front Office Assistant<br>6 Network Administrator | 15570-225-16695-250-17945 |
| 7 | **GROUP G**<br>1 Data Entry Operator<br>2 Technical Supporter<br>3 Transcriptionist<br>4 Other Technicians (Excluding Engineering Degree and Diploma holders)<br>5 Driver | 15120-200-16120-225-17245 |
| 8 | **GROUP H**<br>1 Housekeeping Assistant, Watchman, Security Guard<br>2 Office Boy | 13470-175-14345-200-15345 |
| 9 | **GROUP I**<br>Sweeper, Cleaner | 13110-150-13860-175-14735 |

## II. Dearness Allowance

In addition to the basic rate of wages, all the employees shall be eligible for Dearness Allowance calculated on the basis of the Consumer Price Index published for the concerned District Head Quarters of the Department of Economics and Statistics at the rate of Rs.26/- (Rupees Twenty six only) for monthly waged employees and Rs.1/- (Rupee One only) for daily waged employees respectively, for every point in excess of 300 points of the latest consumer Price Index Number in the series 1998-99=100.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. Service Weightage**

For every five years of completed or to be completed service in an establishment or under an employer, an annual increment at the rate next to the pay scale fixed in the new scale of pay shall be paid as service weightage to the employee concerned.

If an employee reaches the maximum of the eligible scale of pay, such employee shall be paid an annual increment prescribed for the higher time scale in the scale of pay assigned to the corresponding category for every subsequent years.

**IV. Other Conditions**

1. In case the employees of any Establishment/Industry are at present getting higher wages than the minimum wages fixed as per this notification, they shall continue to be entitled to get such higher rates.
2. If any category of employees are not included in the post/category shown in the Schedule, they shall be eligible for the basic wages prescribed for the employees of the equivalent post/category.
3. The daily wages in respect of the category of employees for whom monthly wages is fixed in this notification will be calculated by dividing the total monthly wages eligible for that post by 26 and the Monthly Wages of the daily waged employees will be calculated by multiplying the daily wages by 26.

By order of the Governor,
**SATYAJEET RAJAN**
**Additional Chief Secretary to Government.**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.**

വിജ്ഞാപനം

**നം.ഇ 1/130/2019/തൊഴിൽ** **തിരുവനന്തപുരം, തീയതി, 2019 ഡിസംബർ 19**
**1195 ധനു, 3**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ.(എം.എസ്.) 111/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 22-ാം തീയതിയിലെ 1601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നം. 514/2011 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ, ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ കാലാവധിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

### I. പ്രതിമാസ വേതനം

| ക്രമ നമ്പർ | വിഭാഗം | പ്രതിമാസ അടിസ്ഥാന വേതനം (₹) |
|---|---|---|
| 1 | **ഗ്രൂപ്പ് എ**<br>മാനേജർ | 21330-450-23580-500-26080 |
| 2 | **ഗ്രൂപ്പ് ബി**<br>1 ഡെപ്യൂട്ടി മാനേജർ<br>2 പ്രോജക്ട് മാനേജർ<br>3 സീനിയർ ടീം മാനേജർ | 19950-400-21950-450-24200 |
| 3 | **ഗ്രൂപ്പ് സി**<br>1 അസിസ്റ്റന്റ് മാനേജർ<br>2 ടീം മാനേജർ<br>3 ഫിനാൻഷ്യൽ സ്പെഷ്യലിസ്റ്റ്<br>4 അസിസ്റ്റന്റ് പ്രൊജക്ട് മാനേജർ<br>5 കോ-ഓർഡിനേറ്റർ<br>6 അസിസ്റ്റന്റ് ഫിനാൻസ് മാനേജർ<br>7 അസിസ്റ്റന്റ് അക്കൗണ്ട്സ് മാനേജർ<br>8 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>9 പ്രോജക്ട് ലീഡർ | 18700-350-20450-400-22450 |
| 4 | **ഗ്രൂപ്പ് ഡി**<br>1 സീനിയർ കൺസൾട്ടന്റ്<br>2 സീനിയർ എക്സിക്യൂട്ടീവ്<br>3 സീനിയർ സോഫ്റ്റ് വെയർ എഞ്ചിനീയർ<br>4 ടെക്നിക്കൽ ലീഡർ<br>5 സിസ്റ്റം അനലിസ്റ്റ്<br>6 എഡിറ്റർ<br>7 സീനിയർ പ്രൂഫെർ | 17560-300-19060-350-20810 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | **ഗ്രൂപ്പ് ഇ**<br>1 പ്രോഗ്രാമർ<br>2 സോഫ്റ്റ് വെയർ എഞ്ചിനീയർ<br>3 പ്രൂഫെർ<br>4 മറ്റു സാങ്കേതിക ജീവനക്കാർ (എഞ്ചിനീയറിംഗ് ബിരുദം) | 16520-250-17770-300-19270 |
| 6 | **ഗ്രൂപ്പ് എഫ്**<br>1 കൺസൾട്ടന്റ് എക്സിക്യൂട്ടീവ്<br>2 എച്ച്.ആർ. എക്സിക്യൂട്ടീവ്<br>3 മറ്റു സാങ്കേതിക ജീവനക്കാർ (ഡിപ്ലോമ)<br>4 അക്കൗണ്ടന്റ് /ഓഫീസ് അസിസ്റ്റന്റ്<br>5 ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്<br>6 നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്റർ | 15570-225-16695-250-17945 |
| 7 | **ഗ്രൂപ്പ് ജി**<br>1 ഡാറ്റാ എൻട്രി ഓപ്പറേറ്റർ<br>2 ടെക്നിക്കൽ സപ്പോർട്ടർ<br>3 ട്രാൻക്രിപ്ഷനിസ്റ്റ്<br>4 മറ്റു സാങ്കേതിക ജീവനക്കാർ (എഞ്ചിനീയറിംഗ് ബിരുദം, ഡിപ്ലോമ വിഭാഗക്കാർ ഒഴികെ)<br>5 ഡ്രൈവർ | 15120-200-16120-225-17245 |
| 8 | **ഗ്രൂപ്പ് എച്ച്**<br>1 ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ്, വാച്ച്മാൻ, സെക്യൂരിറ്റി ഗാർഡ്<br>2 ഓഫീസ് ബോയ് | 13470-175-14345-200-15345 |
| 9 | **ഗ്രൂപ്പ് ഐ**<br>സ്വീപ്പർ, ക്ലീനർ | 13110-150-13860-175-14735 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## II. ക്ഷാമബത്ത

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ തൊഴിലാളികൾക്കും എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ഉപഭോക്തൃവില സൂചികയിലെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസശമ്പളക്കാർക്ക് 26/- രൂപ (ഇരുപത്തിയാറ് രൂപ) നിരക്കിലും ദിവസ വേതനക്കാർക്ക് 1/- രൂപ (ഒരു രൂപ) നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

## III. സർവ്വീസ് വെയിറ്റേജ്

ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ പൂർത്തിയാക്കിയതും ഇനി പൂർത്തിയാക്കുന്നതുമായ ഓരോ അഞ്ചു വർഷത്തെ സർവ്വീസിനും പുതിയ വേതന സ്കെയിലിൽ നിർണ്ണയിക്കപ്പെട്ട ശമ്പളത്തിന്റെ തൊട്ടടുത്ത നിരക്കിലുള്ള ഓരോ വാർഷിക ഇൻക്രിമെന്റ്, സർവ്വീസ് വെയിറ്റേജായി ബന്ധപ്പെട്ട ജീവനക്കാരന് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

ഏതെങ്കിലും തൊഴിലാളി അർഹതപ്പെട്ട ശമ്പള സ്കെയിലിന്റെ പരമാവധിയിൽ എത്തുകയാണെങ്കിൽ, ടി തൊഴിലാളിക്ക് തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസിനും ബന്ധപ്പെട്ട വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലെ അവസാന നിരക്കിൽ തുടർന്നു ഓരോ വർഷവും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

## IV. പൊതു വ്യവസ്ഥകൾ

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ച വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളിക്ക് എവിടെയെങ്കിലും ലഭിക്കുന്നുണ്ടെങ്കിൽ അത്തരം ഉയർന്ന വേതന നിരക്ക് അവർക്ക് തുടർന്നും ലഭിക്കുന്നതാണ്.
2. ഏതെങ്കിലും വിഭാഗം ജീവനക്കാർ ഈ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള വേതന നിരക്ക് ലഭിക്കാനുള്ള അർഹതയുണ്ട്.
3. ഈ വിജ്ഞാപനത്തിൽ മാസവേതനക്കാരുടെ ദിവസവേതനം മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനക്കാരുടെ മാസവേതനം മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**സത്യജിത് രാജൻ,**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.12.23 02:55:12 +05:30